Reg. No. [illegible]

KERALA GAZETTE

SUPPLEMENTS

PUBLISHED BY AUTHORITY

Vol. XXIII] Trivandrum, Tuesday, 19th September 1978 / 28th Bhadra 1900 (Saka) [No. 38

PART I

CONTENTS

<u>കേരള സർക്കാർ</u>

<u>നിയമ (നിയമനിർമ്മാണം-എ) വകുപ്പ്</u>

<u>വിജ്ഞാപനം</u>

നമ്പർ 4606-ലെജ്(എ)-2/78/നി. തിരുവനന്തപുരം, 1978 ഏപ്രിൽ 1/
1900 ചൈത്രം 11.

1978 മാർച്ച്, 31-ാം ദിവസം ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ്, പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവു പ്രകാരം,
കെ. വിശ്വനാഥൻ നായർ,
നിയമവകുപ്പു സെക്രട്ടറി.

1978-ലെ 10-ാം നമ്പർ ഓർഡിനൻസ്

കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ഓർഡിനൻസ്, 1978

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തൊൻപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

1963-ലെ കേരള പൊതുവിൽപ്പനനികുതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ്.

<u>പീഠിക</u>.—കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരിക്കുകയും തൽ സത്വര നടപടിയെടുക്കേണ്ടത് ആവശ്യകമാക്കിത്തീർക്കുന്ന പരിതഃസ്ഥിതികൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുകയും ചെയ്യുകയാൽ;

ഇപ്പോൾ, അതിനാൽ, ഇൻഡ്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദത്തിലെ (1)-ാം ഖണ്ഡം വഴി നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ പ്രയോഗിച്ച്, കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ഓർഡിനൻസിന് കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ഓർഡിനൻസ്, 1978 എന്ന് പേർ പറയാം.

(2) ഇത് ഉടനെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1963-ലെ 15-ാം ആക്ററ് താൽക്കാലികമായി ഭേദഗതി ചെയ്യുന്നത്.—ഈ ഓർഡിനൻസിന്റെ പ്രവർത്തന കാലയളവിൽ 1963-ലെ കേരള പൊതുവില്പന നികുതി ആക്ററിന് (1963-ലെ 15) (ഇതിനുശേഷം പ്രധാന ആക്ററ് എന്നാണ് പരാമർശിക്കപ്പെടുക), 3 മുതൽ 24 വരെ വകുപ്പുകളിൽ വിനിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾക്കു വിധേയമായി, പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ററിന്റെ 2-ാം വകുപ്പിൽ,—

(1) ഖണ്ഡം (viii)-ൽ,—

(i) (എ) ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ii) (ഇ) ഉപഖണ്ഡത്തിനു പകരം, താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) ബിസിനസ്സിനിടയിലോ അല്ലാതെയോ,—

(i) നിർമ്മാണമോ, കൃഷിയോ, തോട്ടക്കൃഷിയോ മൂലമോ അല്ലെങ്കിൽ മററുവിധത്തിലോ താൻ ഉൽപ്പാദിപ്പിക്കുന്ന സാമാനങ്ങളെ, അഥവാ

(ii) താനേ വളരുന്നവയും വിൽപ്പനയ്ക്ക് മുമ്പോ അല്ലെങ്കിൽ വിൽപ്പന കോൺട്രാക്ററിൻകീഴിലോ മുറിച്ചുമാററുന്നതിന് സമ്മതിച്ചിട്ടുള്ളതും ആയ വൃക്ഷങ്ങളെ,

വിററഴിക്കുന്ന ആളും ഉൾപ്പെടുന്നതുമാകുന്നു.

(2) (xvi)-ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xvi-എ) "ആൾ" എന്നതിൽ,—

(i) ഒരു വ്യക്തിയും,

(ii) ഒരു കൂട്ടു കുടുംബവും,

(iii) ഒരു കമ്പനിയും,

(iv) ഒരു ഫേമും,

(v) ഏകാംഗീകൃതമോ അല്ലാത്തതോ ആയ ആളുകളുടെ ഒരു സമാജമോ അല്ലെങ്കിൽ വ്യക്തികളുടെ ഒരു നികായമോ അതും,

(vi) കേന്ദ്ര സർക്കാരോ, കേരള സർക്കാരോ ഇൻഡ്യയിലെ മറേറതെങ്കിലും സംസ്ഥാനത്തെയോ യൂണിയൻ രാജ്യക്ഷേത്രത്തിലെയോ സർക്കാരോ അതും

(vii) ഒരു തദ്ദേശാധികാരസ്ഥാപനവും

(viii) മുൻപറഞ്ഞ ഉപഖണ്ഡങ്ങളിൽ ഒന്നിന്റെയും കീഴിൽ വരാത്ത എല്ലാ നിയമ സങ്കൽപ്പിത ആളുകളും,

ഉൾപ്പെടുന്നു."

(3) (xxi)-ാം ഖണ്ഡത്തിൽ, വിശദീകരണം (1എ) യ്ക്കു ശേഷം, താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം (1ബി).—കച്ചവടത്തിനിടയിലോ ബിസ്‌സിനസ്സിനിടയിലോ അല്ലെങ്കിൽ മറുവിധത്തിലോ രൊക്കം പണത്തിനോ അല്ലെങ്കിൽ വിട്ടുവിട്ടുള്ള തവണകൾക്കോ അല്ലെങ്കിൽ മററു മൂല്യമുള്ള പ്രതിഫലത്തിനോ, കൈമാററം ചെയ്യാൻ അവകാശമുള്ള ആൾ താനേ വളരുന്നതും വിൽപ്പനയ്ക്ക് മുൻപോ വിൽപ്പന കോൺട്രാക്റ്റിൻകീഴിലോ മുറിച്ചുമാററുന്നതിന് സമ്മതിച്ചിട്ടുള്ളതും ആയ വൃക്ഷങ്ങൾ കൈമാററം ചെയ്യുന്നത് ഈ ആക്റ്റിന്റെ ആവശ്യത്തിന് ഒരു വിൽപ്പനയായി കണക്കാക്കപ്പെടുന്നതാണ്".

(4) (xxvi)-ാം ഖണ്ഡത്തിനോട് താഴെപ്പറയുന്ന വിശദീകരണം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം.—ഈ ആക്റ്റിന്റെ മററതെങ്കിലും വകുപ്പുകളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, 5-ാം വകുപ്പിൻകീഴിൽ നികുതി കൊടുക്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരിയുടെ സംസ്ഥാനത്തിനകത്തെ അവസാന വാങ്ങലിന്റെ ഘട്ടത്തിൽ നികുതി കൊടുക്കേണ്ടതും, ഏതെങ്കിലും സാമ്പത്തികവർഷത്തിന്റെ അവസാന ദിവസം നീക്കിയിരുപ്പ് എന്നവിധം കൈവശമുള്ളതുമായ ചരക്കുകളുടെ സംഗതിയിൽ, ഏതു തുകയ്ക്കാണോ വ്യാപാരി അങ്ങനെയുള്ള ചരക്കുകൾ വാങ്ങിയത് ആ തുക, അങ്ങനെയുള്ള ചരക്കുകൾ അയാൾ സംസ്ഥാനത്തിനകത്ത് വിററഴിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വാങ്ങൽ വ്യാപാരിയുടെ കയ്യിലുള്ള സംസ്ഥാനത്തിനകത്തെ അവസാന വാങ്ങലിന്റെ സ്വഭാവം ആർജ്ജിക്കുകയോ ചെയ്യുന്നതുവരെ അയാളുടെ അടുത്ത വർഷത്തെയോ അല്ലെങ്കിൽ പിന്നീടുള്ള ഓരോ വർഷത്തെയോ മൊത്തവിൽപ്പനയുടെ ഭാഗമാണെന്ന് കരുതപ്പെടുന്നതും അങ്ങനെയുള്ള വാങ്ങൽ അങ്ങനെയുള്ള വ്യാപാരിയുടെ കയ്യിലുള്ള സംസ്ഥാനത്തെ അവസാന വാങ്ങലിന്റെ സ്വഭാവം ആർജ്ജിക്കുന്ന സംഗതിയിൽ, അങ്ങനെയുള്ള വാങ്ങൽ സംബന്ധിച്ച മൊത്ത വിൽപ്പനസംഖ്യയ്ക്ക് അവസാന വിൽപ്പനയുടെ സ്വഭാവം ആർജ്ജിച്ച വിൽപ്പന നടന്ന വർഷത്തെ നികുതി കൊടുക്കാൻ ബാദ്ധ്യതയുണ്ടായിരിക്കുന്നതും ആണ്,"

4. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 3-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(4) റവന്യൂ ബോർഡിനോ ഡെപ്യൂട്ടി കമ്മീഷണർക്കോ രേഖാമൂലമുള്ള ഉത്തരവുവഴി,—

(എ) ഏതെങ്കിലും നികുതിദാതാവിനെയോ, നികുതിദാതാക്കളുടെ ഏതെങ്കിലും വിഭാഗത്തെയോ സംബന്ധിച്ച് നികുതി ചുമത്തുന്ന ഒരു അധികാരസ്ഥാനത്തിന്റെ മുമ്പാകെ തീർപ്പാകാതെ കിടക്കുന്ന ഏതെങ്കിലും കേസോ കേസുകളോ അങ്ങനെയുള്ള കേസോ കേസുകളോ കൈകാര്യം ചെയ്യാൻ അധികാരിതയുള്ള മററൊരു നികുതി ചുമത്തുന്ന അധികാരസ്ഥാനത്തേക്ക് മാററുകയോ; അല്ലെങ്കിൽ

(ബി) ഏതെങ്കിലും നികുതിദായകനെയോ ഏതെങ്കിലും നികുതിദായകരുടെ വിഭാഗത്തെയോ സംബന്ധിച്ച ഏതെങ്കിലും കേസോ കേസുകളോ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രദേശത്ത് അധികാരിതയുള്ള നികുതി ചുമത്തുന്ന അധികാരസ്ഥാനങ്ങളിൽ ഒന്നിനെ വിനിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിൻകീഴിൽ ഏതെങ്കിലും കേസ് ഒരു നികുതി ചുമത്തുന്ന അധികാരസ്ഥാനത്തേക്ക് മാറ്റുന്നിടത്ത്, അങ്ങനെയുള്ള നികുതി ചുമത്തുന്ന അധികാരസ്ഥാനത്തിന് അത് പുതുതായോ അഥവാ മാറ്റം ചെയ്യപ്പെട്ടപ്പോഴത്തെ ഘട്ടം മുതലോ കൈകാര്യം ചെയ്യാവുന്നതാണ്".

5. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 5-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ, "രണ്ടായിരത്തി അഞ്ഞൂറു രൂപയിൽ" എന്ന വാക്കുകൾക്കു പകരം, "പതിനായിരം രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന വിശദീകരണം അവസാനം ചേർക്കേണ്ടതാണ്, അതായത്;—

"വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്ക് "ഘടകവിഭാഗം" എന്നാൽ പണിതീർന്ന ഉൽപ്പന്നത്തിന്റെ വേർതിരിച്ചറിയാൻ സാധിക്കുന്ന ഭാഗവും മറ്റുള്ളവയോട് ചേർന്ന് പണിതീർന്ന ഉൽപ്പന്നമായിത്തീരുന്നതും ദർശിച്ച് തിരിച്ചറിയാവുന്നതും യാന്ത്രിക പ്രക്രിയകൊണ്ട് വേർപെടുത്താവുന്നതും രസതന്ത്രപ്രയോഗപ്രകാരം വേർപെടുത്താവുന്നതല്ലാത്തതും എന്നാൽ വേർപെടുത്തൽ കൊണ്ട് പ്രസ്തുത പദാർത്ഥത്തിന്റെ അനന്യത നഷ്ടപ്പെടാത്തതുമായ പദാർത്ഥം എന്നർത്ഥമാകുന്നു.".

(സി) (4)-ാം ഉപവകുപ്പിൽ, "ഒന്നാം പട്ടികയിലോ രണ്ടാം പട്ടികയിലോ പറഞ്ഞവയല്ലാതെയുള്ള ചരക്കുകൾ സംബന്ധിച്ച് നികുതി ചുമത്താവുന്ന തന്റെ മൊത്ത വിൽപ്പനസംഖ്യയുടെ 4 ശതമാനം എന്ന നിരക്കിൽ" എന്ന വാക്കുകൾക്കുപകരം, "അങ്ങനെയുള്ള ചരക്കുകൾ സംബന്ധിച്ച് നികുതി ചുമത്താവുന്ന തന്റെ മൊത്ത വിൽപ്പനസംഖ്യയ്ക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. 5എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 5എ വകുപ്പിൽ, (2)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥയിൽ, "രണ്ടായിരത്തിഅഞ്ഞൂറു രൂപാ" എന്ന വാക്കുകൾക്കു പകരം, "പതിനായിരം രൂപാ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 13-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, "രണ്ടായിരത്തിഅഞ്ഞൂറു രൂപ" എന്ന വാക്കുകൾക്കു പകരം, "പതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 14-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2എ) ഈ ആക്റ്റിൻകീഴിൽ നൽകേണ്ട നികുതി ക്രമമായി വസൂലാകുന്നതിന് ആവശ്യമാണെന്ന് നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിന് തോന്നുന്നിടത്ത്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന്, അതിന്, രേഖാമൂലം

മായ ഉത്തരവുവഴിയും അതിൽ റിക്കാർഡു ചെയ്യേണ്ട കാരണങ്ങളാലും നിർണ്ണ
യിക്കപ്പെട്ട രീതിയിലും ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന സമയത്തിനു
ള്ളിലും, വിനിർദ്ദേശിക്കപ്പെട്ടിരിക്കാവുന്ന പ്രകാരമുള്ള തുക വ്യാപാരി
നൽകണമെന്ന ആവശ്യം ഒരു ഉപാധിയെന്നപ്രകാരം ചുമത്താവുന്നതാണ്.

(ബി) (4)-ാം ഉപവകുപ്പിൽ, "ക്രമമായ നികുതി അടയ്ക്കുന്നതിലേ
ക്കുള്ള തുകയായി" എന്നപദങ്ങൾക്കുപകരം, "തുകയോ (2എ) ഉപവകുപ്പിൻ
കീഴിലെ ഉത്തരവനുസരിച്ച് വ്യാപാരി ഏതെങ്കിലും തുക കൊടുത്തിട്ടുണ്ടെ
ങ്കിൽ ക്രമമായി നികുതി അടയ്ക്കുന്നതിലേക്ക് കൂടുതൽ തുകയോ" എന്ന
വാക്കുകളും ബ്രാക്കറ്റുകളും അക്കവും അക്ഷരവും ചേർക്കേണ്ടതാണ്.

9. <u>17-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 17-ാം വകു
പ്പിൽ, (4)-ഉം (5)-ഉം (6)-ഉം ഉപവകുപ്പുകൾക്കു പകരം, താഴെപ്പറയുന്ന ഉപവകുപ്പു
കൾ ചേർക്കേണ്ടതാണ്, അതായത്:—

"(4) (3)-ാം ഉപവകുപ്പിൽ വിപരീതമായി എന്തുതന്നെ അടങ്ങിയിരു
ന്നാലും, ഏതൊരു വ്യാപാരിയുടെയും ഏറ്റവും ഒടുവിൽ പൂർത്തിയാക്കിയ
നികുതി ചുമത്തൽ അനുസരിച്ച്, ഈ ആക്റ്റിൻകീഴിൽ നികുതി ചുമത്തിയ
പ്രകാരമുള്ള ആകെ മൊത്തവിൽപ്പന സംഖ്യയും റിട്ടേൺ അംഗീകരിച്ചുകൊണ്ട്
നികുതി നിർണ്ണയം നടത്തേണ്ട വർഷത്തേക്ക് നികുതിദായകനാൽ സമർപ്പി
ക്കപ്പെട്ട റിട്ടേണിൽ വിനിർദ്ദേശിച്ചിട്ടുള്ള ആകെ മൊത്തവിൽപ്പന സംഖ്യയും
ആണോ ഒരു ലക്ഷം രൂപയിൽ കവിയാതിരിക്കുന്നത് അങ്ങനെയുള്ള ഏതെ
ങ്കിലും വ്യാപാരിയാൽ സമർപ്പിക്കപ്പെട്ടിട്ടുള്ള 1976-77 വർഷത്തിൽ ആരംഭി
ക്കുന്ന തുടർച്ചയായ മൂന്നു വർഷങ്ങളിൽ ഏതെങ്കിലും രണ്ടു വർഷത്തേക്കുള്ള
റിട്ടേൺ നികുതി ചുമത്തുന്ന അധികാരസ്ഥൻ അംഗീകരിക്കേണ്ടതും അങ്ങനെ
യുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ വ്യാപാരിക്കു നികുതി ചുമത്തേണ്ടതു
മാണ്:

എന്നാൽ ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ, റിട്ടേണിൽ വിനിർദ്ദേശി
ച്ചിട്ടുള്ളപ്രകാരം കൊടുക്കേണ്ട നികുതി, ഏറ്റവും ഒടുവിൽ പൂർത്തിയാക്കിയ
നികുതി ചുമത്തലനുസരിച്ച് ചുമത്തിയ നികുതി,—

(എ) അപ്രകാരം നികുതി ചുമത്തിയിരിക്കുന്നത് ഇരുനൂറു രൂപയിൽ
കൂടുതലല്ലാതിരിക്കുന്നെങ്കിൽ, 25 ശതമാനത്തിലും,

(ബി) അപ്രകാരം നികുതി ചുമത്തിയിരിക്കുന്നത് ഇരുനൂറു രൂപ
യിൽ കൂടുതലായിരിക്കുകയും, എന്നാൽ അഞ്ഞൂറു രൂപയിൽ
കുറവായിരിക്കുകയും ചെയ്യുന്നെങ്കിൽ 20 ശതമാനത്തിലും,

(സി) അപ്രകാരം നികുതി ചുമത്തിയിരിക്കുന്നത് അഞ്ഞൂറു രൂപ
യിൽ കുറവല്ലാതിരിക്കുന്നെങ്കിൽ 10 ശതമാനത്തിലും,

അധികം കുറവായിരുന്നാൽ ബാധകമാകുന്നതല്ല:

എന്നുമാത്രമല്ല ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ, ശിക്ഷിക്കപ്പെട്ടിരി
ക്കുന്നതോ അഥവാ റിട്ടേൺ സമർപ്പിച്ച വർഷത്തേക്കുള്ള നികുതിയിൽനിന്ന്
ഒഴിഞ്ഞുമാറിയതിലേക്ക് ഒരു ദണ്ഡനം ചുമത്തപ്പെട്ടിരിക്കുന്നതോ ആയ ഒരു
വ്യാപാരിയുടെ സംഗതിയിൽ ബാധകമാകുന്നതല്ല.

(5) ഏതെങ്കിലും വ്യാപാരിയെയോ വ്യാപാരികളുടെ വിഭാഗത്തെയോ
ഗ്രൂപ്പിനെയോ സംബന്ധിച്ചിടത്തോളം (4)-ാം ഉപവകുപ്പിലെ ആവശ്യങ്ങൾക്ക്
ഏത് രണ്ടു വർഷത്തേക്കാണ് റിട്ടേൺ സ്വീകരിക്കേണ്ടത് എന്ന് നിശ്ചയി
ക്കാൻ റവന്യൂ ബോർഡിന് ക്ഷമതയുണ്ടായിരിക്കുന്നതാണ്.

(6) (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള മൂന്നു വർഷങ്ങളിലേതെങ്കിലും വർഷത്തെ സംബന്ധിച്ച്, (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് വ്യാപാരിക്ക് നികുതി ചുമത്തിയിട്ടുണ്ടെങ്കിൽ, അപ്പോൾ അടുത്ത രണ്ടു വർഷത്തേക്ക്, നികുതി ചുമത്തുന്ന അധികാരസ്ഥൻ, പ്രസ്തുത വർഷത്തേക്ക് ഈ ആക്റ്റിൻ കീഴിൽ കണക്കാക്കിയ പ്രകാരമുള്ള മൊത്തവിൽപ്പന സംഖ്യയോ, അല്ലെങ്കിൽ ഏത് വർഷത്തേക്കാണോ നികുതി ചുമത്തൽ നടത്തിയിരിക്കുന്നത് ആ വർഷത്തേക്ക് വ്യാപാരി സമർപ്പിച്ചിട്ടുള്ള റിട്ടേണിൽ വിനിർദ്ദേശിച്ചിട്ടുള്ള ആകെ മൊത്തവിൽപ്പന സംഖ്യയോ ഒരു ലക്ഷം രൂപയിൽ കവിയാത്തപക്ഷം അയാൾ സമർപ്പിച്ച റിട്ടേൺ സ്വീകരിക്കേണ്ടതും അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതുമാണ്.

(7) (4)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ ആകുന്നത് (6)-ാം ഉപവകുപ്പിൻകീഴിലുള്ള ഏതെങ്കിലും നികുതി ചുമത്തലിനെ സംബന്ധിച്ചും ബാധകമാകുന്നതാണ്.

(8) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ഒരു വർഷത്തേക്കുള്ള നികുതി ചുമത്തൽ പൂർത്തിയാക്കുകയും പിന്നീട് അടുത്ത രണ്ടു വർഷത്തേക്ക് റിട്ടേൺ സ്വീകരിച്ചുകൊണ്ട് നികുതി ചുമത്തൽ പൂർത്തിയാക്കുകയും ചെയ്യുന്ന സമ്പ്രദായം ഈ വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി പിന്നീടുള്ള വർഷങ്ങളിലും തുടരേണ്ടതാണ്.

(9) സംശയങ്ങൾ നീക്കുന്നതിലേക്ക്, (4)-ഉം (6)-ഉം (8)-ഉം ഉപവകുപ്പുകളിൽ അടങ്ങിയിട്ടുള്ള യാതൊന്നും പ്രസ്തുത ഉപവകുപ്പുകളിൽ ഏതിന്റെയെങ്കിലും കീഴിൽ നികുതി ചുമത്തപ്പെട്ട ഒരു വ്യാപാരിയുടെ സംഗതിയിൽ 19-ാം വകുപ്പിന്റെയോ 27-ാം വകുപ്പിന്റെയോ പ്രവർത്തനത്തെ ഒഴിവാക്കുന്നതായി കരുതപ്പെടുന്നതല്ലെന്ന് ഇതിനാൽ വിശദീകരിച്ചിരിക്കുന്നു".

10. പുതിയ 19എ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"19എ. വില വ്യത്യാസം വരുന്ന സംഗതികളിലെ നികുതി ചുമത്തൽ.—19-ാം വകുപ്പിലുള്ള (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) ഒരു വ്യാപാരിക്ക് വിലവ്യത്യാസത്തിന്റെ കാരണത്താൽ, കഴിഞ്ഞ ഏതെങ്കിലും വർഷത്തേക്കുള്ള അയാളുടെ മൊത്തവിൽപ്പനയിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന ഏതെങ്കിലും തുക കിട്ടിയിട്ടുണ്ടെങ്കിൽ അത് അയാൾക്ക് ആ വർഷത്തിൽ ലഭിച്ചിരുന്നെങ്കിൽ, അയാൾ, അങ്ങനെയുള്ള തുക ലഭിച്ച വർഷത്തിന്റെ അവസാനം മുതൽ മുപ്പതു ദിവസത്തിനകം നികുതി ചുമത്തുന്ന അധികാരസ്ഥന് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ റിട്ടേൺ സമർപ്പിക്കേണ്ടതും അതിൻമേൽ നികുതി ചുമത്തുന്ന അധികാരസ്ഥൻ അങ്ങനെയുള്ള തുകയിൻമേൽ കൊടുക്കേണ്ട നികുതി ചുമത്തുന്നതിന് നടപടി എടുക്കേണ്ടതുമാണ്.

(ബി) (എ) ഖണ്ഡത്തിൻ കീഴിൽ സമർപ്പിക്കപ്പെട്ട ഏതെങ്കിലും റിട്ടേൺ ശരിയും പൂർണ്ണവുമാണെന്ന് നികുതി ചുമത്തുന്ന അധികാരസ്ഥന് ബോദ്ധ്യപ്പെടുന്നെങ്കിൽ അത് അതിന്റെ അടിസ്ഥാനത്തിൽ വ്യാപാരിക്ക് നികുതി ചുമത്തേണ്ടതാണ്;

(സി) (എ) ഖണ്ഡത്തിൻകീഴിൽ ഒരു വ്യാപാരി സമർപ്പിച്ച റിട്ടേൺ ശരിയല്ലെന്നോ അഥവാ അപൂർണ്ണമാണെന്നോ നികുതി ചുമത്തുന്ന അധികാരസ്ഥന് തോന്നുന്നെങ്കിൽ, നികുതി ചുമത്തുന്ന അധികാരസ്ഥൻ, അത് ആവശ്യമെന്നു കരുതുന്നപ്രകാരമുള്ള അന്വേഷണ വിചാരണ നടത്തിയശേഷവും

താൻ ശേഖരിച്ച് പ്രസക്തമായ എല്ലാ വസ്തുതകളും കണക്കിലെടുത്ത ശേഷവും തന്റെ നിർണ്ണയശക്തിയുടെ പരമാവധിക്കൊത്തവണ്ണം വ്യാപാരിക്ക് നികുതി ചുമത്തേണ്ടതാണ്:

എന്നാൽ ഈ ഖണ്ഡത്തിൻകീഴിൽ നടപടിയെടുക്കുന്നതിനുമുമ്പ് റിട്ടേണിന്റെ കൃത്യതയും പൂർണ്ണതയും തെളിയിക്കുന്നതിന് വ്യാപാരിക്ക് ന്യായമായ അവസരം കൊടുക്കേണ്ടതാണ്;

(ഡി) (എ) ഖണ്ഡത്തിൻകീഴിൽ വ്യാപാരി യാതൊരു റിട്ടേണും സമർപ്പിച്ചിട്ടില്ലെങ്കിൽ നികുതി ചുമത്തുന്ന അധികാരസ്ഥന്, അങ്ങനെയുള്ള റിട്ടേൺ സമർപ്പിക്കേണ്ടിയിരുന്ന കാലാവധിയുടെ അവസാനം മുതൽ നാലു വർഷത്തിനകം പ്രസ്തുത ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള തുകയിൻമേൽ നൽകാനുള്ള നികുതി ചുമത്തുന്നതിന് നടപടി നടത്താവുന്നതാണ്;

എന്നാൽ ഈ ഖണ്ഡത്തിൻകീഴിൽ ഏതെങ്കിലും നികുതി ചുമത്തുന്നതിനുമുമ്പ് നികുതി ചുമത്തുന്ന അധികാരസ്ഥൻ വ്യാപാരിക്ക് പറയാനുള്ളത് പറയാൻ അവസരം നൽകേണ്ടതും അത് ആവശ്യമെന്ന് കരുതുന്നപ്രകാരമുള്ള അന്വേഷണ വിചാരണ നടത്തേണ്ടതുമാണ്".

11. 23-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 23-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിൽ, "ഡിവിഷൻ അധികാരസ്ഥനോ അത് അടയ്ക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിലോ" എന്ന വാക്കുകൾക്കുശേഷം "അഥവാ ഈ ആക്റ്റിലോ അഥവാ അതിൻകീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടത്തിലോ അതിനായി വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

12. 25-ാം വകുപ്പിന്റെ ഭേദഗതി. — പ്രധാന ആക്റ്റിന്റെ 25-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "ഏത് ഗവൺമെന്റുദ്യോഗസ്ഥനോ
തദ്ദേശാധികാരസ്ഥാനമോ കമ്പനിയോ, കച്ചവടയോഗമോ, സംഘമോ വ്യക്തി
കളുടെ, സംഘടനയോ വ്യാപാരിക്ക് പണം കൊടുക്കേണ്ടതായിട്ടിരിക്കുകയോ
കൊടുക്കേണ്ടതായിത്തീരാവുന്നതായിരിക്കുകയോ ചെയ്യുന്നുവോ അങ്ങനെയുള്ള
ഏതെങ്കിലും ഗവൺമെന്റുദ്യോഗസ്ഥനോടോ, ഏതെങ്കിലും തദ്ദേശാധികാര
സ്ഥാപനത്തോടോ, കമ്പനിയോടോ, കച്ചവടയോഗത്തോടോ, സംഘത്തോടോ,
വ്യക്തികളുടെ സംഘടനയോടോ അല്ലെങ്കിൽ വ്യാപാരിക്കോ വ്യാപാരിയുടെ
വകയായോ പണം കൈവശംവയ്ക്കുകയോ പിന്നീട് കൈവശം വയ്ക്കാവുന്ന
തായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ഗവൺമെന്റുദ്യോഗസ്ഥനോടോ,
തദ്ദേശാധികാരസ്ഥാനത്തോടോ, കമ്പനിയോടോ, കച്ചവടയോഗത്തോടോ,
സംഘത്തോടോ, വ്യക്തികളുടെ സംഘടനയോടോ" എന്ന വാക്കുകൾക്കു പകരം,
"വ്യാപാരിക്ക് പണം കൊടുക്കേണ്ടതായിരിക്കുകയോ കൊടുക്കേണ്ടതായിത്തീരാ
വുന്നതായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും കോടതിയോടോ, കേന്ദ്ര സർക്കാ
രിലേയോ ഏതെങ്കിലും സംസ്ഥാനത്തിലേയോ യൂണിയൻ രാജ്യക്ഷേത്രത്തി
ലേയോ ഏതെങ്കിലും ഉദ്യോഗസ്ഥനോടോ അഥവാ മററതെങ്കിലും ആളോടോ
(ഒരു വ്യക്തി അല്ലാതെയുള്ളത്) അല്ലെങ്കിൽ വ്യാപാരിക്കോ വ്യാപാരിയുടെ
വകയായോ പണം കൈവശം വയ്ക്കുകയോ പിന്നീട് കൈവശം വയ്ക്കാവുന്ന
തായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും കോടതിയോടോ അഥവാ അങ്ങനെ
യുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോടോ മററാളോടോ (ഒരു വ്യക്തിയല്ലാതെ
യുള്ളത്)" എന്ന വാക്കുകളും കോഷ്ഠകങ്ങളും ചേർക്കേണ്ടതാണ്.

(ബി) (3)-ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഈ വകുപ്പിൻ കീഴിലുള്ള ഒരു നോട്ടീസനുസരിച്ച് ഏതെങ്കിലും പണം കൊടുക്കൽ നടത്തുന്ന ഏതെങ്കിലും കോടതിയെ, ഉദ്യോഗസ്ഥനെ മററാളെ, വ്യാപാരി അധികാരപ്പെടുത്തിയതനുസരിച്ച് പണം കൊടുത്തതായി കരുതപ്പെടുന്നതും നികുതി ചുമത്തുന്ന അധികാരസ്ഥൻ നൽകുന്ന രസീത്, രസീതിൽ പരാമർശിക്കപ്പെട്ട തുകയുടെ വ്യാപ്തിയോളം, അങ്ങനെയുള്ള കോടതിയുടെയോ, ഉദ്യോഗസ്ഥന്റെയോ മററാളിന്റെയോ ബാദ്ധ്യത ശരിയും മതിയായതുമായ വിട്ടൊഴിയലായിരിക്കുന്നതാണ്".

(സി) (4)-ാം ഉപവകുപ്പിൽ, "ഏതെങ്കിലും തദ്ദേശാധികാരസ്ഥാപനമോ, കമ്പനിയോ, കച്ചവടയോഗമോ, സംഘമോ, വ്യക്തികളുടെ സംഘടനയോ" എന്ന വാക്കുകൾക്കു പകരം, "ഏതെങ്കിലും കോടതിയോ, സർക്കാർ ഉദ്യോഗസ്ഥനല്ലാത്ത മററാളോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (5)-ം (6)-ം ഉപവകുപ്പുകൾക്കും (6)-ാം ഉപവകുപ്പിന്റെ കീഴിലുള്ള വിശദീകരണത്തിനും പകരം, താഴെപ്പറയുന്ന ഉപവകുപ്പുകളും വിശദീകരണവും ചേർക്കേണ്ടതാണ്, അതായത്:—

"(5) ഈ വകുപ്പിൻ കീഴിൽ ഏതു കോടതിയ്ക്കോ അഥവാ സർക്കാർ ഉദ്യോഗസ്ഥനല്ലാത്ത മററാളിനോ ആണ് നോട്ടീസ് അയച്ചിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും കോടതിയോ മററാളോ ആവശ്യപ്പെട്ട തുകയോ അതിന്റെ ഏതെങ്കിലും ഭാഗമോ അതോ അയാളോ വ്യാപാരിക്ക് കൊടുക്കുവാനില്ലെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കോടതിയോ ആളോ വ്യാപാരിക്കുവേണ്ടിയോ വ്യാപാരിയുടെ കണക്കിലോ ഏതെങ്കിലും പണം കൈവശം വയ്ക്കുന്നില്ലെന്നോ ഉള്ള കാരണങ്ങളാൽ അതിനെ ആക്ഷേപിക്കുന്നിടത്ത്, അപ്പോൾ, ഈ വകുപ്പിലടങ്ങിയിട്ടുള്ള യാതൊന്നും ആവശ്യപ്പെട്ട തുകയോ അതിന്റെ ഏതെങ്കിലും ഭാഗമോ നികുതി ചുമത്തുന്ന അധികാരസ്ഥന് കൊടുക്കുന്നതിന് അങ്ങനെയുള്ള കോടതിയോടോ ആളോടോ, ആവശ്യപ്പെടുന്നതായി കരുതപ്പെടുന്നതല്ല.

(6) ഈ വകുപ്പിൻ കീഴിൽ ഏതൊരു തുകയാണോ ഒരു കോടതിയോ സർക്കാരുദ്യോഗസ്ഥനല്ലാത്ത ആളോ നികുതി ചുമത്തുന്ന അധികാരസ്ഥന് കൊടുക്കാൻ ആവശ്യപ്പെട്ടിരിക്കുകയോ അഥവാ ഏതു തുകയ്ക്കാണോ അതോ അയാളോ നികുതി ചുമത്തുന്ന അധികാരസ്ഥനോട് ബാദ്ധ്യതപ്പെട്ടിരിക്കുകയോ ചെയ്യുന്നത് അങ്ങനെയുള്ള ഏതെങ്കിലും തുക അതു കൊടുക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള കോടതിയുടെയോ ആളുടെയോ വസ്തുക്കളിൻമേലുള്ള ഒരു ചാർജ്ജായിരിക്കുന്നതും അത് ഭൂമിയിൻമേലുള്ള നികുതിക്കുടിശ്ശികയായിരുന്നാലെന്നപോലെ വസൂലാക്കാവുന്നതുമാകുന്നു.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് വ്യാപാരിക്ക് കിട്ടേണ്ട തുകയോ, വ്യാപാരിക്കുവേണ്ടിയോ വ്യാപാരിയുടെ കണക്കിലോ ഏതെങ്കിലും കോടതിയോ, ഉദ്യോഗസ്ഥനോ, മററാളോ കൈവശം വച്ചിട്ടുള്ള പണമോ അതതു സംഗതിപോലെ, അങ്ങനെയുള്ള കോടതിയാലോ ഉദ്യോഗസ്ഥനാലോ, മററാളാലോ കൊടുക്കേണ്ടതായി വരാവുന്നതും, നിയമപരമായി നിലനിൽക്കുന്നതുമായ അങ്ങനെയുള്ള അവകാശങ്ങൾ വല്ലതുമുണ്ടെങ്കിൽ, അത് കണക്കിലെടുത്ത് ശേഷം കണക്കാക്കേണ്ടതാണ്".

13. 28-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 28-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥയിൽ, "നാൽപ്പത്തിയഞ്ചു ദിവസം" എന്ന വാക്കുകൾക്കു പകരം, "അറുപതു ദിവസം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

14. പുതിയ 33എ വകുപ്പ് കൂട്ടിച്ചേർക്കുന്നത്.—പ്രധാന ആക്റ്റിന്റെ 33-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"33എ. പണ്ടകശാലക്കാർ റിട്ടേൺ സമർപ്പിക്കണമെന്ന്.—ഏതൊരു പണ്ടകശാലക്കാരനും, നികുതി ചുമത്തുന്ന അധികാരസ്ഥന്റെ പദവിക്കു താഴെയല്ലാത്ത ഒരു ആഫീസർ അപ്രകാരം ആവശ്യപ്പെടുന്നെങ്കിൽ, ഏതെങ്കിലും വ്യാപാരി തന്റെ പണ്ടകശാലയിൽ നിക്ഷേപിച്ചിട്ടുള്ള ചരക്കുകളെ സംബന്ധിച്ച് അയാൾ ആവശ്യപ്പെടാവുന്ന പ്രകാരമുള്ള വിവരങ്ങളും അങ്ങനെയുള്ള വ്യാപാരി വച്ചുപോരുന്ന കണക്കുകളും, നൽകേണ്ടതാണ്."

15. 34-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 34-ാം വകുപ്പിലുള്ള (1)-ാം ഉപവകുപ്പിൽ,—

(എ) "19-ാം വകുപ്പ് (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും ശേഷം "19എ വകുപ്പോ" എന്ന അക്കവും, അക്ഷരവും വാക്കും ചേർക്കേണ്ടതാണ്;

(ബി) "30-ാം വകുപ്പോ 47-ാം വകുപ്പ് (2)-ാം ഉപവകുപ്പോ" എന്ന വാക്കുകൾക്കും അക്കത്തിനും കോഷ്ഠകത്തിനും പകരം, "അഥവാ 30-ാം വകുപ്പോ" എന്ന് ചേർക്കേണ്ടതാണ്.

16. 35-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 35-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണറുടെ പദവിക്കു താഴെയുള്ള വല്ല ഉദ്യോഗസ്ഥനോ അധികാരസ്ഥനോ" എന്ന വാക്കുകൾക്കു പകരം, "ഒരു അപ്പലേററ് അസിസ്റ്റന്റ് കമ്മീഷണറോ ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണറല്ലാത്ത അദ്ദേഹത്തിനു താഴെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2എ) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,
ഡെപ്യൂട്ടി കമ്മീഷണർക്ക്, (2)-ാം ഉപവകുപ്പിലുള്ള (ബി) ഖണ്ഡത്തിൽ പരാ
മർശിക്കപ്പെട്ട ഒരു അപ്പീലിലോ റിവിഷനിലോ തീരുമാനമെടുത്തിട്ടില്ലാത്ത
ഏതെങ്കിലും സംഗതിയിൽ, അങ്ങനെയുള്ള അപ്പീലിലേയോ റിവിഷനി
ലേയോ ഉത്തരവു തീയതി മുതൽ ഒരു വർഷക്കാലാവധി അവസാനിക്കുന്നതിനു
മുമ്പോ അഥവാ ആ ഉപവകുപ്പിലെ (സി) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട
4 വർഷക്കാലാവധി അവസാനിക്കുന്നതിനുമുമ്പോ, ഇതിൽ ഏതാണോ ഒടുവിൽ
വരുന്നത് അതിനുമുമ്പ്, (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു ഉത്തരവ് പാസ്സാ
ക്കാവുന്നതാണ്".

17. 37-ാം വകുപ്പിന്റെ ഭേദഗതി. — പ്രധാന ആക്റ്റിന്റെ 37-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "ഡെപ്യൂട്ടി കമ്മീഷണറോ, ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണറോ, ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണറുടെ പദവിക്കു താഴെയുള്ള വല്ല ഉദ്യോഗസ്ഥനോ അധികാരസ്ഥനോ" എന്ന വാക്കുകൾക്കു പകരം, "ഒരു അപ്പലേററ് അസിസ്റ്റന്റ് കമ്മീഷണറല്ലാതെ അതിനു താഴെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2എ) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, റവന്യൂ ബോർഡിന്, (2)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഒരു അപ്പീലിലോ, റിവിഷനിലോ തീരുമാനിച്ചിട്ടില്ലാത്ത ഏതെങ്കിലും സംഗതിയിൻമേൽ, അങ്ങനെയുള്ള അപ്പീലിലേയോ റിവിഷനിലേയോ ഉത്തരവു തീയതി മുതൽ ഒരു വർഷക്കാലാവധി അവസാനിക്കുന്നതിനുമുമ്പോ അഥവാ ആ ഉപവകുപ്പിലെ (സി) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട നാലു വർഷക്കാലാവധി അവസാനിക്കുന്നതിനു മുമ്പോ, അതിൽ ഏതാണോ ഒടുവിൽ വരുന്നത് അതിനുമുമ്പ്, (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു ഉത്തരവ് പാസ്സാക്കാവുന്നതാണ്".

18. 45-ാം വകുപ്പ് വിട്ടുകളയുന്നത്. — പ്രധാന ആക്റ്റിലെ 45-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

19. 45 എ — വകുപ്പിന്റെ ഭേദഗതി. — പ്രധാന ആക്റ്റിന്റെ 45 എ വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "അൻപതു രൂപയോ അഥവാ ഒഴിഞ്ഞുമാറിയതോ ഒഴിഞ്ഞുമാറാൻ ശ്രമിച്ചതോ ആയ വില്പനനികുതി തുകയുടെയോ മററു തുകയുടെയോ ഇരട്ടിയോ അതിൽ ഏതാണ് കൂടുതൽ" എന്ന വാക്കുകൾക്കു പകരം "വില്പനനികുതി തുകയുടെയോ അഥവാ ഒഴിഞ്ഞുമാററിട്ടപ്പെടുന്നതു പ്രായോഗികമാകുന്നിടത്ത്, ഒഴിഞ്ഞുമാറിയതോ ഒഴിഞ്ഞുമാറാൻ ശ്രമിച്ചതോ ആയ മററു തുകയുടെയോ ഇരട്ടിയിൽ കവിയാത്ത ഒരു തുകയോ അഥവാ മററതെങ്കിലും സംഗതിയിൽ അയ്യായിരം രൂപയിൽ കവിയാത്ത ഒരു തുകയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (3)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഡെപ്യൂട്ടി കമ്മീഷണർക്ക്, ഏതൊരാൾക്കാണോ (1)-ാം ഉപവകുപ്പിൻ കീഴിൽ പിഴ ചുമത്തിയിട്ടുള്ളത് അങ്ങനെയുള്ള ഏതെങ്കിലും ആളുടെ അങ്ങനെയുള്ള പിഴ ചുമത്തിയ ഉത്തരവ് അയാൾക്കു കിട്ടിയ തീയതി മുതൽ മുപ്പതു ദിവസത്തിനകമുള്ള അപേക്ഷയിൻമേൽ, ലിഖിതമായി, റിക്കാർഡു ചെയ്യേണ്ട കാരണങ്ങളാൽ, അങ്ങനെയുള്ള പിഴ സ്ഥിരീകരിക്കുകയോ, കുറയ്ക്കുകയോ, വേണ്ടെന്നുവയ്ക്കുകയോ അഥവാ പുനഃപരിശോധനയ്ക്കായി അതതു സംഗതിപോലെ, നികുതി ചുമത്തുന്ന അധികാരസ്ഥനോ അപ്പലേററ് അസിസ്റ്റന്റ് കമ്മീഷണർക്കോ റിമാൻറ് ചെയ്യുകയോ, ചെയ്യാവുന്നതാണ്.

എന്നാൽ, ഡെപ്യൂട്ടി കമ്മീഷണർക്ക്, പ്രസ്തുത മുപ്പതു ദിവസക്കാലാവധിയുടെ അവസാനത്തിനുശേഷം ബോധിപ്പിച്ച അപേക്ഷ പ്രസ്തുത കാലാവധിക്കകം ബോധിപ്പിക്കാതിരിക്കുന്നതിന് അപേക്ഷകന് മതിയായ

കാരണമുണ്ടെന്ന് ബോർഡിന് ബോദ്ധ്യമാകുന്നെങ്കിൽ, സ്വീകരിക്കാവുന്നതാണ്.";

(സി) 5-ാം ഉപവകുപ്പിൽ,—

(i) പരിമിതി വ്യവസ്ഥയിൽ "എന്നാൽ" എന്ന വാക്കിനു പകരം "എന്നുമാത്രമല്ല" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) പരിമിതി വ്യവസ്ഥയ്ക്കുമുമ്പ് താഴെപ്പറയുന്ന പരിമിതി വ്യവസ്ഥ ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ, പ്രസ്തുത സമയത്തിനുള്ളിൽ അപേക്ഷ കൊടുക്കാതിരിക്കുന്നതിന് അപേക്ഷകന് മതിയായ കാരണം ഉണ്ടെന്ന് റവന്യൂ ബോർഡിന് ബോദ്ധ്യമാകാത്തപക്ഷം, അതതു സംഗതിപോലെ, (1)-ാം ഉപവകുപ്പിന്റെയോ (3)-ാം ഉപവകുപ്പിന്റെയോ കീഴിൽ ഉള്ള ഉത്തരവ്, അപേക്ഷകന് ലഭിച്ച തീയതി മുതൽ മുപ്പതു ദിവസം അവസാനിച്ചശേഷം കൊടുത്ത അപേക്ഷ, അത് സ്വീകരിക്കേണ്ടതില്ല."

20. 47-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 47-ാം വകുപ്പിൽ, (ബി) ഖണ്ഡത്തിൽ, "ആയിരം രൂപയിൽ" എന്ന വാക്കുകൾക്കു പകരം, "അയ്യായിരം രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

21. 54-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 54-ാം വകുപ്പിലുള്ള (2)-ാം ഉപവകുപ്പിൽ, (ix)-ാം ഖണ്ഡത്തിൽ, "സർക്കാർ വകുപ്പ്" എന്ന വാക്കുകൾക്കു പകരം, "കേന്ദ്രസർക്കാരിന്റെയോ കേരള സർക്കാരിന്റെയോ വകുപ്പ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

22. പുതിയ 59എ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 59-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"59എ. നികുതി നിരക്ക് നിശ്ചയിക്കുന്നതിന് സർക്കാരിനുള്ള അധികാരം.—ഏതെങ്കിലും ചരക്കിന്റെ വില്പനയിൻമേലോ വാങ്ങലിൻമേലോ, ഈ ആക്റ്റിൻ കീഴിൽ ചുമത്തേണ്ട നികുതി നിരക്കിനെപ്പറ്റി ഏതെങ്കിലും പ്രശ്നം ഉദിക്കുന്നെങ്കിൽ, അങ്ങനെയുള്ള പ്രശ്നം തീരുമാനത്തിനായി സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിൻമേൽ സർക്കാരിന്റെ തീരുമാനം, ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥ എന്തുതന്നെയായാലും, അന്തിമമായിരിക്കുന്നതുമാണ്.".

23. ഒന്നാം പട്ടികയുടെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ ഒന്നാം പട്ടികയിൽ,—

(i) ക്രമ നമ്പർ 1-നും അതുസംബന്ധിച്ച ഉൾക്കുറിപ്പിനും അതിൻ കീഴിലുള്ള വിശദീകരണത്തിനും പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത് :—

"1.	"വിദേശമദ്യം	5-ാം വകുപ്പിൻ കീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യവില്പനയുടെ ഘട്ടത്തിൽ	50
2.	വിദേശമദ്യമൊഴികെയുള്ള മദ്യവും ചാരായവും കള്ളും.	ടി	40

വിശദീകരണം.—1. "മദ്യം" എന്നതിൽ കള്ളും, വൈനും, ബ്രാൻഡിയും, ഷാമ്പയിനും, ഷെറിയും, റമ്മും, ജിന്നും, വിസ്കിയും, ബീയറും, സിഡറും, കൊക്കോ ബ്രാൻഡിയും, ചാരായവും, സംസ്ഥാനത്തിനകത്ത് കൊണ്ടുവന്നതോ ഉൽപ്പാദിപ്പിച്ചതോ അഥവാ നിർമ്മിച്ചതോ ആയ മറ്റെല്ലാ വാററിയതോ, ലഹരി പിടിപ്പിച്ചതോ, പുളിപ്പിച്ചതോ ആയ പാനീയങ്ങളും ഉൾപ്പെടുന്നു എന്നർത്ഥമാകുന്നു.

വിശദീകരണം.—2. "വിദേശമദ്യം" എന്നാൽ ഇൻഡ്യയിലല്ലാതെ മററതെങ്കിലും രാജ്യത്ത് നിർമ്മിച്ചതും ഇൻഡ്യയിലേക്കു കൊണ്ടുവന്നതുമായ മദ്യം എന്നർത്ഥമാകുന്നു".,

(ii) ക്രമ നമ്പർ 5-നും അതുസംബന്ധിച്ച ഉൾക്കുറിപ്പിനും പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"5. ഈ പട്ടികയിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ളതല്ലാത്തതും എന്നാൽ സൈക്കിൾ ടയറുകളും ട്യൂബുകളും സൈക്കിളിന്റെ റബ്ബർ അനുബന്ധങ്ങളും ഉൾപ്പെടാത്തതും ആയ റബ്ബർ ഉൽപ്പന്നങ്ങൾ.	5-ാം വകുപ്പിൻ കീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യവിൽപ്പന ഘട്ടത്തിൽ	10
5എ. കൃത്രിമ റബ്ബറും അതിന്റെ ഉൽപ്പന്നങ്ങളും റബ്ബറിന്റെയും കൃത്രിമ റബ്ബറിന്റെയും മിശ്രിതങ്ങളും.	ടി	12"

(iii) ക്രമ നമ്പർ 6-ന് എതിരെയുള്ള കോളം (4)-ൽ, "12" എന്ന അക്കങ്ങൾക്കു പകരം "15" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്;

(iv) ക്രമ നമ്പർ 7-ം 8-നും അവ സംബന്ധിച്ച ഉൾക്കുറിപ്പുകൾക്കും പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്; അതായത്:—

"7. എല്ലാ തരങ്ങളിലുംപെട്ട ട്രാക്ടറുകളും പവ്വർ ടില്ലറുകളും ബുൾഡോസറുകളും അവയുടെ സ്പെയർ പാർട്ടുകളും ഘടകഭാഗങ്ങളും ടയറുകളും ട്യൂബുകളും.	5-ാം വകുപ്പിൻ കീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ	10
8. മോട്ടോർ വാഹനങ്ങളും, മോട്ടോർ കൃഷിയന്ത്രങ്ങളും (ഉന്ത്) മോട്ടോർ എൻജിനുകളും, മോട്ടോർ വാഹനങ്ങളുടെ ചെയ്സ്സിസുകളും, ട്രെയിലറുകളും, മോട്ടോർ വാഹനങ്ങളുടെ ചെയ്സ്സിസിൻമേൽ പണിത മോട്ടോർ ബോഡികളും, മോട്ടോർ ജലയാനങ്ങൾക്കോ എൻജിനുകൾക്കോ വേണ്ടി പണിത ബോഡികളും മോട്ടോർ ടയറുകളും ട്യൂബുകളും, മോട്ടോർ വാഹനങ്ങൾക്കോ മോട്ടോർ ജലയാനങ്ങൾക്കോ ഉള്ള മററു സ്പെയർ പാർട്ട്	5-ാം വകുപ്പുപ്രകാരം നികുതി ചുമത്തപ്പെടാവുന്ന വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യവിൽപ്പന ഘട്ടത്തിൽ	15

	സുകളും അനുബന്ധങ്ങളും; മോട്ടോർ സൈക്കിളുകളും സൈക്കിളുകൾക്കുള്ള സംയോജക സാധനങ്ങളും, മോട്ടോർ സ്കൂട്ടറുകളും മോട്ടോററുകളും; മോട്ടോർ സൈക്കിളുകൾക്കും മോട്ടോർ സ്കൂട്ടറുകൾക്കുമുള്ള മോട്ടോററുകളുടെയും ടയറുകളും ട്യൂബുകളും.	
8എ.	റോളിംഗ് ബയറിംഗ്, അതായത് ബാൾ അഥവാ റോളർ ബെയറിംഗ് (എല്ലാത്തരത്തിലും പെട്ടവ)	5-ാം വകുപ്പുപ്രകാരം നികുതി 8''; ചുമത്തപ്പെടാവുന്ന വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യവിൽപ്പന ഘട്ടത്തിൽ

(v) ക്രമ നമ്പർ 9-ന് എതിരെയുള്ള 2-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത് :—

"റിഫ്രിജിറേററുകളും, വാട്ടർ കൂളറും എയർകണ്ടിഷനിംഗ് പ്ലാൻറുകളും യന്ത്രങ്ങളും അതിൻെറ ഘടക ഭാഗങ്ങളും".

(vi) ക്രമ നമ്പർ 18-ന് എതിരെയുള്ള (4)-ാം കോളത്തിൽ, ''15'' എന്ന അക്കങ്ങൾക്കു പകരം, ''20'' എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്;

(vii) ക്രമ നമ്പർ 21-ന് എതിരെയുള്ള (2)-ാം കോളത്തിലെ ഉൾക്കുറിപ്പിൽ, ''അവയുടെ ഭാഗങ്ങളും'' എന്ന വാക്കുകൾക്കു പകരം, ''അവയുടെ ഭാഗങ്ങളും അനുബന്ധങ്ങളും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(viii) ക്രമ നമ്പർ 25-ന് എതിരെയുള്ള (4)-ാം കോളത്തിൽ, "7" എന്ന അക്കത്തിനു പകരം, ''8'' എന്ന അക്കം ചേർക്കേണ്ടതാണ്;

(ix) ക്രമനമ്പർ 25 എ-യ്ക്ക് എതിരെയുള്ള (4)-ാം കോളത്തിൽ, "9" എന്ന അക്കത്തിനു പകരം ''10'' എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്;

(x) ക്രമനമ്പർ 25ബി-ക്ക് എതിരെയുള്ള (2)-ാം കോളത്തിലെ ഉൾക്കുറിപ്പിൽ ''മൊസൈക്ക് ഓട്'' എന്ന വാക്കുകൾക്ക് പകരം, ''മിനുക്കമുള്ള ഓട്, (ഗ്ലേസ്ഡ് ടയിൽ) മൊസൈക്ക് ഓട്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(xi) ക്രമനമ്പർ 25 എച്ച്-നെ സംബന്ധിക്കുന്ന ഉൾക്കുറിപ്പിൽ,—

(1) (2)-ാം കോളത്തിൽ,—

(എ) ഉപഇനം (vii)-ൽ അവസാനമുള്ള ''ഉം'' വിട്ടുകളയേണ്ടതാണ്.

(ബി) ഉപഇനം (viii), ഉപഇനം (x) ആയി പുനഃനമ്പർ ചെയ്യേണ്ടതും ആ ഉപഇനത്തിനുമുമ്പ് താഴെപ്പറയുന്ന ഉപഇനങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

"(viii) കാപ്പി,

(ix) തേയിലയും;"

(2) കോളം (4)-ൽ ''9'' എന്ന അക്കത്തിനുപകരം, ''10'' എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്;

(xii) ക്രമനമ്പർ 25-എച്ച്-നും അതു സംബന്ധിച്ച ഉരുക്കുറിപ്പുകൾക്കും ശേഷം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"25 എച്ച്എച്ച്.	സംരക്ഷിക്കപ്പെട്ടതോ തയ്യാറാക്കിയതോ ആയ പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുകളും കിഴങ്ങുവർഗ്ഗങ്ങളും."	5-ാം വകുപ്പിൻകീഴിൽ നികുതി ചുമത്തപ്പെടാൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ 10";

(xiii) ക്രമനമ്പർ 25-എൻ.എൻ.—നിന്നെതിരെയുള്ള (4)-ാം കോളത്തിൽ, "5" എന്ന അക്കത്തിനുപകരം, "3" എന്ന അക്കം ചേർക്കേണ്ടതാണ്.

(xiv) ക്രമനമ്പർ 25 ഓ-യ്ക്ക് എതിരെയുള്ള (4)-ാം കോളത്തിൽ, "5" എന്ന അക്കത്തിനുപകരം, "6" എന്ന അക്കം ചേർക്കേണ്ടതാണ്;

(xv) ക്രമനമ്പർ 25 ഓ—യ്ക്കും അതു സംബന്ധിച്ച ഉരുക്കുറിപ്പുകൾക്കും ശേഷം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"25 ഓഓ.	പരുത്തി തയ്യൽ നൂൽ	5-ാം വകുപ്പിൻ കീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ 3";

(xvi) ക്രമനമ്പർ 25 പി-യ്ക്കും അതു സംബന്ധിച്ച ഉരുക്കുറിപ്പുകൾക്കും പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"25 പി.	കുപ്പിയിലടച്ചതോ ക്യാൻ ചെയ്തതോ — അതും ബ്രാണ്ട് പേരിൽ വിൽക്കപ്പെടുന്നതുമായ ലഹരിയില്ലാത്ത ഡ്രിംഗുകളും പാനീയങ്ങളും	ടി	10
25 പിപി.	കുപ്പിയിലടച്ചതോ അഥവാ ക്യാൻ ചെയ്തതോ അതും 25 പി ഇനത്തിൻകീഴിൽ വരാത്തതുമായ സോഡാ വെള്ളവും ലഹരിയില്ലാത്ത ഡ്രിംഗുകളും പാനീയങ്ങളും	ടി	5"

(xvii) ക്രമനമ്പർ 25ക്യു-വിനും അതു സംബന്ധിച്ച ഉരുക്കുറിപ്പുകൾക്കും ശേഷം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"25 ആർ.	ടൈറ്റാനിയം ഡൈ ഓക്സൈഡ്	5-ാം വകുപ്പിൻകീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന ആദ്യവിൽപ്പന ഘട്ടത്തിൽ 10";

(xviii) ക്രമനമ്പർ 26-ന് എതിരെയുള്ള (4)-ം കോളത്തിൽ, "9" എന്ന അക്കത്തിന് പകരം, "10" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്;

(xix) ക്രമനമ്പർ 26എ-യ്ക്കും അതു സംബന്ധിച്ച ഉൾക്കുറിപ്പുകൾക്കും പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"26 എ.	ജലവിതരണവും സാനിട്ടറി ഉപകരണങ്ങളും ഫിററിംഗുകളും	5-ാം വകുപ്പിൻകീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന ആദ്യവിൽപ്പന ഘട്ടത്തിൽ	8
26 ബി.	പി. വി. സി. പൈപ്പുകൾ	ടി	8"

(xx) ക്രമനമ്പർ 31-ന് എതിരെയുള്ള (4)-ം കോളത്തിൽ, "5" എന്ന അക്കത്തിന് പകരം, "6" എന്ന അക്കം ചേർക്കേണ്ടതാണ്;

(xxi) ക്രമനമ്പർ 32-ന് എതിരെയുള്ള (4)-ം കോളത്തിൽ, "7" എന്ന അക്കത്തിനു പകരം, "8" എന്ന അക്കം ചേർക്കേണ്ടതാണ്;

(xxii) ക്രമനമ്പർ 32-നും അതു സംബന്ധിച്ച ഉൾക്കുറിപ്പുകൾക്കും ശേഷം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"32 എ.	എല്ലാ ഇനം സൂട്ട്കേസിനും ബ്രീഫ്കേസിനും വാനിററി ബാഗിനും, 50 രൂപായ്ക്കോ അതിനു മുകളിലോ ഉള്ള വിലയ്ക്ക് വിൽക്കപ്പെടുമ്പോൾ,	5-ാം വകുപ്പിൻകീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ	10"

(xxiii) ക്രമനമ്പർ 33-നും അത് സംബന്ധിച്ച ഉൾക്കുറിപ്പുകൾക്കും പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"33.	പ്ലൈവുഡും, വിനീർ പ്ലൈവുഡും ഹാർഡ് ബോർഡുകളും	5-ാം വകുപ്പിൻകീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന ആദ്യവിൽപ്പന ഘട്ടത്തിൽ	7
33എ.	എല്ലാ ഇനത്തിലുംപെട്ട ലമിനേററഡ് ഷീററും തെർമോകളും	ടി	15"

(xxiv) ക്രമനമ്പർ 36-ന് എതിരെയുള്ള (2)-ം കോളത്തിലെ ഉൾക്കുറിപ്പിൽ, "25 എച്ച് ഇനത്തിൽ പറഞ്ഞിട്ടുള്ള തേയില ഒഴികെ" എന്ന അക്കങ്ങളും അക്ഷരങ്ങളും വാക്കുകളും അവസാനം ചേർക്കേണ്ടതാണ്;

(xxv) ക്രമനമ്പർ 37-ന് എതിരെയുള്ള (2)-ം കോളത്തിലെ ഉൾക്കുറിപ്പിൽ, "25 എച്ച് ഇനത്തിൽ പറഞ്ഞിട്ടുള്ള കാപ്പി ഒഴികെ" എന്ന അക്കങ്ങളും, അക്ഷരവും വാക്കുകളും അവസാനം ചേർക്കേണ്ടതാണ്;

(xxvi) ക്രമനമ്പർ 49-ന് എതിരെയുള്ള (4)-ം കോളത്തിൽ, "5" എന്ന അക്കത്തിനു പകരം, "6" എന്ന അക്കം ചേർക്കേണ്ടതാണ്;

(xxvii) ക്രമനമ്പരുകൾ 54-നും 55-നും അവയെ സംബന്ധിച്ച ഉൾക്കുറിപ്പുകൾക്കും പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"54. (i) അമോണിയം സൾഫേറ്റ്
(ii) അമോണിയം സൾഫേറ്റ് നൈട്രേറ്റ്
(iii) യൂറിയ
(iv) അമോണിയം ക്ലോറൈഡ്
(v) സോഡിയം നൈട്രേറ്റ്
(vi) കാൽസിയം അമോണിയം നൈട്രേറ്റ്
(vii) സൂപ്പർ ഫോസ്ഫേറ്റ് സിംഗിൾ
(viii) സൂപ്പർ ഫോസ്ഫേറ്റ് ട്രിപ്പിൾ
(ix) കോട്കാ ഫോസ്ഫേറ്റ്
(x) ഡൈ കാൽസിയം ഫോസ്ഫേറ്റ്
(xi) പൊട്ടാസിയം ക്ലോറൈഡ് (മ്യൂറിയേറ്റ് ആഫ് പൊട്ടാഷ്)
(xii) സൾഫേറ്റ് ആഫ് പൊട്ടാഷ്
(xiii) മോണോ അമോണിയം ഫോസ്ഫേറ്റ്
(xiv) ഡൈ അമോണിയം ഫോസ്ഫേറ്റ്
(xv) ഏതെങ്കിലും വിവരണത്തിൽപ്പെടുന്ന അമോണിയം ഫോസ്ഫേറ്റ് സൾഫേറ്റ്
(xvi) ഏതെങ്കിലും വിവരണത്തിൽപ്പെടുന്ന നൈട്രോ ഫോസ്ഫേറ്റ്
(xvii) വിവിധ ഗ്രേഡിലുള്ള എൻ. പി. കെ. കോംപ്ലക്സ്
(xviii) എല്ലുപൊടി
(xix) യൂറിയ അമോണിയം ഫോസ്ഫേറ്റ്
(xx) ഫ്യൂസഡ് കാൽസിയം മാഗ്നീഷ്യം ഫോസ്ഫേറ്റ്
(xxi) റോക്ക് ഫോസ്ഫേറ്റ്
(xxii) മുകളിൽ (i), മുതൽ (xxi) വരെ ഉപഇനങ്ങളിൽ പറഞ്ഞിരിക്കുന്ന രണ്ടോ അതിൽക്കൂടുതലോ സാധനങ്ങളുമായി മററു സാധനങ്ങൾ കൂട്ടുചേർത്തതോ ചേർക്കാത്തതോ ആയ (അതിന്റെ ഘടകഭാഗങ്ങളുടെ മൊത്തവിൽപ്പനയെ സംബന്ധിച്ച നികുതിക്ക് വിധേയമായിട്ടില്ലാത്തവ) ഉള്ള മിശ്രിതങ്ങളും,
(xxiii) മററതെങ്കിലും രാസവളങ്ങളും. — 5-ാം വകുപ്പിൻകീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ — 2

55. കീടനാശിനികളും സസ്യസംരക്ഷണ രാസവസ്തുക്കളും. — ടി — 4";

(xxviii) ക്രമനമ്പർ 58-നും അതു സംബന്ധിച്ച ഉൾക്കുറിപ്പുകൾക്കും പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"58. (i) ഉണക്ക "കുരുമുളക്" (Black pepper)
(ii) വെളള കുരുമുളക് (White pepper)
(iii) പച്ചക്കുരുമുളക് (Green pepper)
(iv) ഗാർബിൾഡ് കുരുമുളക് (Garbled pepper)

5-ാം വകുപ്പിൻകീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ — 6";

(xxix) ക്രമനമ്പരുകൾ 65എ-യ്ക്കും 66-നും അവയോട് ബന്ധപ്പെട്ട ഉരക്കുറിപ്പുകൾക്കും പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"65എ.	(i) താഴെ (ii)ൻ കീഴിലോ അഥവാ ഇനം 25 എച്ച് (x) ലോ പെടാത്ത ചെമ്മീനും, നാരൽകൊഞ്ചും, തവളയും തവളക്കാലുകളും കണവാ മൽസ്യവും ഞണ്ടുകളും.	5-ാം വകുപ്പിൻകീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ		5
	(ii) ഇനം 25എച്ച് (x)—ൽ പ്പെടാത്ത ക്യാൻ ചെയ്തതോ ടിന്നിലടച്ചതോ കേടുകൂടാതിരിക്കാൻ ശീതീകരിച്ചതോ മററു വിധം സംസ്ക്കരിച്ചതോ ആയ ചെമ്മീനും നാരൽ കൊഞ്ചും, തവളയും തവളക്കാലുകളും, കണവാ മൽസ്യവും ഞണ്ടും	ടി		5
66.	തോട്ടണ്ടി	ടി		5
66എ.	കശുവണ്ടിപ്പരുപ്പ്	5-ാം വകുപ്പിൻകീഴിൽ നികുതി ചുമത്താൻ ബാദ്ധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന ആദ്യ വിൽപ്പന ഘട്ടത്തിൽ		5".

24. മൂന്നാം പട്ടികയുടെ ഭേദഗതി.—പ്രധാന ആക്ററിന്റെ മൂന്നാം പട്ടികയിൽ,—

(i) ക്രമനമ്പർ 8-ം അതുസംബന്ധിച്ച ഉരക്കുറിപ്പും വിട്ടുകളയേണ്ടതാണ്,

(ii) ക്രമനമ്പർ 12-നും അതു സംബന്ധിച്ച ഉരക്കുറിപ്പിനും മുമ്പ്, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"11എ. ചാരായം".

25. സാധൂകരണം.— പ്രധാന ആക്ററിലോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിലോ, ഏതെങ്കിലും കോടതിയുടെയോ മറേറതെങ്കിലും അധികാരസ്ഥാനത്തിന്റെയോ വിധിന്യായത്തിലോ ഡിക്രിയിലോ, ഉത്തരവിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രധാന ആക്ററിലെ 35-ാം വകുപ്പനുസരിച്ച് നൽകപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്ന അധികാരത്തിന്റെ പ്രയോഗത്തിൽ, നികുതി ചുമത്തുന്ന അധികാരസ്ഥന്റെ അധികാരം നിക്ഷിപ്തമാക്കിയിട്ടുള്ള ഏതെങ്കിലും വിൽപ്പനനികുതി അസിസ്ററൻറ് കമ്മീഷണറുടെ ഉത്തരവിനെതിരായുള്ള റിവിഷനിൽ ഡെപ്യൂട്ടി കമ്മീഷണർ പാസ്സാക്കപ്പെട്ടതായി കരുതപ്പെടുന്ന ഏതെങ്കിലും ഉത്തരവോ എടുക്കപ്പെട്ടതായി കരുതപ്പെടുന്ന മററേതെങ്കിലും നടപടിയോ ഈ ഓർഡിനൻസുവഴി ഭേദഗതി ചെയ്യപ്പെട്ട പ്രകാര

നുള്ള പ്രധാന ആക്ടിലെ 35-ാം വകുപ്പുവഴി നൽകപ്പെട്ടിട്ടുള്ള അധികാരങ്ങളും പ്രയോഗിച്ച് അങ്ങനെയുള്ള ഉത്തരവ് പാസാക്കപ്പെടുകയോ അങ്ങനെയുള്ള മറ്റു നടപടി എടുക്കപ്പെടുകയോ ചെയ്തിരുന്നാലെന്നപോലെ സാധുതയുള്ളതും നിയമാനുസരണമുള്ളതും ആയിരിക്കുന്നതും, ആയിരുന്നതായി എല്ലായ്പ്പോഴും കരുതപ്പെടേണ്ടതും ആകുന്നു.

ജ്യോതി വെങ്കിടാചെല്ലം,
ഗവർണ്ണർ.

(ശരിതർജ്ജമ)

കെ. ഭാസ്കരൻനായർ,
ഹെഡ് ട്രാൻസ്ലേറ്റർ.

Government of Kerala
1978

Reg. No. KL

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXIII] Trivandrum, Tuesday, 19th September 1978 / 28th Bhadra 1900 [No. 593

GOVERNMENT OF KERALA

Public Works & Electricity (D) Department

ERRATUM TO DECLARATION

No. 40147/D1/78/PW. *Dated, Trivandrum 8th September, 1978.*

The description of land in the schedule to the declaration published in Government No. 17666/D1/73/PW dated 22-5-1973 in Gazette Extraordinary No. **433** at page 2 may be read as corrected below:—

1973 മേയ് 22-ാം തീയതിയിലെ 433-ാം നമ്പർ അസാധാരണ ഗസറ്റിൽ **2-ാം പേജിൽ** ഗവൺമെന്റ് നമ്പർ 17666/D1/73/PW dated 22-5-1973 ആയി പ്രസിദ്ധം ചെയ്തിരുന്ന പ്രഖ്യാപനത്തോടൊന്നിച്ചുള്ള വിവര പട്ടികയിലെ വസ്തുവിവരം കീഴ്ക്കാണും പ്രകാരം തിരുത്തിവായിക്കേണ്ടതാണ്.

District.—Quilon. *Village.*—Krishnapuram. *Taluk.*—Karunagappally.

Block No. 26 Karunagappally Unit

Sl. No.	*Sy. No.*	*Description*	*Extent* *Are*	*Sqm.*
		For		
18	17779/5	Wet	0	67
19	17779/6	do.	0	60
20	17779/7	do.	0	27

33/3562/MC

Sl. No.	Sy. No.	Description	Extent Are	Sqm.
		Read		
18	17779/5	Dry	0	67
19	17779/6	do.	0	60
20	17779/7	do.	0	27

By order of the Governor,

P. V. RAMACHANDRAN NAIR,
Joint Secretary to Government.

Explanatory Note

(This does not form part of the notification. But intend to note the general purport).

On further verification in the above Survey No. it was found that there is discripancy in the description of land. The above notification is to correct the discripancy.

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതുസ്വഭാവത്തെ സൂചിപ്പിച്ചുകൊണ്ടുള്ളതാകുന്നു).

മേൽപ്പറയുന്ന സർവ്വേ നമ്പരിൽ വീണ്ടും നടത്തിയ പരിശോധനയിൽ ഭൂമിയുടെ വിവരണത്തിൽ പിശക് ഉള്ളതായി കാണപ്പെട്ടു. മേൽക്കാണിച്ചിരിക്കുന്ന വിജ്ഞാപനം ഈ പിശകു തിരുത്തുന്നതിനാണ്.

PRINTED AND PUBLISHED BY THE S.G.P. AT THE GOVERNMENT PRESS,
TRIVANDRUM, 1978.